

ജനറൽ സെക്രട്ടറിയുടെ പേജ്

# ആശ്വാസ് പ്ലസ് ഡോക്ടർമാരുടെ കുടുംബ സുരക്ഷിതത്വത്തിന് പുതിയ പദ്ധതി



ഡോ. രജിത്ത് ആനന്ദ്
doctor_rejith@yahoo.com

**അം**ഗങ്ങളുടെ ക്ഷേമം ആയുർവേദ മെഡിക്കൽ അസോസിയേഷൻ എന്നും മുൻഗണന നൽകിയിട്ടുള്ള ഒരു നയമാണ്. അതിന്റെ ഭാഗമായാണ് എല്ലാ അംഗങ്ങൾക്കും ഒരു ചെറിയ പ്രീമിയം നൽകി ചേരാവുന്ന പദ്ധതിയായ 'ആശ്വാസ്' 2005ൽ ആരംഭിച്ചത്. ആശ്വാസ് പദ്ധതിയിലൂടെ നമ്മെ വിട്ടുപിരിഞ്ഞ നൂറിലധികം ഡോക്ടർമാരുടെ കുടുംബങ്ങൾക്ക് സഹായം എത്തിക്കുന്നതിന് സംഘടനയ്ക്ക് സാധിച്ചിട്ടുണ്ട്. അതോടൊപ്പം മാരകരോഗം ബാധിച്ച് സാമ്പത്തിക പ്രതിസന്ധി നേരിടുന്ന മുപ്പതോളം ഡോക്ടർമാർക്ക് ചികിത്സാസഹായവും നൽകാനായി. തീരെ കുറഞ്ഞ പ്രീമിയം, സാങ്കേതിക കാരണങ്ങളാൽ വിതരണം ചെയ്യുന്നതിലെ കാലതാമസം, ഏതുപ്രായത്തിലുള്ളവർക്കും പുതുതായി ചേരാമെന്നതിനാൽ ക്ലെയിമുകളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്, രൂപയുടെ മൂല്യത്തിലുള്ള കുറവ് എന്നിങ്ങനെ 'ആശ്വാസിന്' ധാരാളം പരിമിതികളുണ്ട്. കർമ്മനിരതനായിരുന്ന ഒരു ഡോക്ടർ മരണപ്പെടുമ്പോൾ കുടുംബത്തിനുണ്ടാകുന്ന നഷ്ടം ധനംകൊണ്ട് നികത്താനാകാത്തതാണെങ്കിലും ഒരാഴ്ചയ്ക്കുള്ളിൽ മാന്യമായ ഒരു തുക വീട്ടിലെത്തിക്കുന്നതിലൂടെ കുടുംബത്തിന് പകരുന്ന സമാശ്വാസം ചെറുതല്ല. മാത്രമല്ല സഹജീവികൾ വിട്ടുപിരിയുമ്പോൾ സങ്കടത്തിലും പ്രതിസന്ധിയിലുമാകുന്ന അവരുടെ കുടുംബത്തിന് ഔപചാരികമായ അനുശോചനത്തിനുപരി എളിയ ഒരു സാന്ത്വനസ്പർശം നൽകാനുള്ള മഹത്തായ ഒരവസരം കൂടി സംഘടനയിലെ അംഗങ്ങൾക്കോരോരുത്തർക്കും കൈവരികയുമാണ്. ആ ചിന്താഗതിയുടെ അടിസ്ഥാനത്തിലാണ് എ.എം.എ.ഐ.യുടെ 'ആശ്വാസ് പ്ലസ്' എന്ന പുതിയ സാമൂഹ്യസുരക്ഷാപദ്ധതി സംസ്ഥാനക്കമ്മിറ്റി അവതരിപ്പിക്കുന്നത്.

ഈ പദ്ധതി പ്രകാരം സമാഹരിക്കുന്ന തുകയിൽ ഒരു രൂപ പോലും ലാഭേച്ഛ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഇൻഷുറൻസ് കമ്പനികളിലേക്ക് പോകുന്നില്ല എന്നതാണ് ഇതിന്റെ മറ്റൊരു പ്രത്യേകത. തുകയിലെ ചെറിയൊരു വിഹിതം ഇതിന്റെ നടത്തിപ്പു ചെലവിലേക്കു മാറ്റി മുഴുവൻ തുകയും സഹായം നൽകാനുള്ള സഞ്ചിതനിധിയായി മാറുകയാണ് ചെയ്യുന്നത്. അഡ്മിഷൻ ഫീയിലൂടെ സമാഹരിക്കുന്ന കോർപ്പസ് ഫണ്ടിൽ നിന്നാണ് മരണം സംഭവിക്കുന്ന അംഗങ്ങളുടെ വീടുകളിലേക്ക് വിരലിലെണ്ണാവുന്ന ദിവസങ്ങൾക്കകം സഹായധനം എത്തുന്നത്. അതുകൂടാതെ ഇരുപത്തിയഞ്ച് വർഷമായി ഈ സ്കീമിൽ അംഗങ്ങളായിരിക്കുന്നവർക്ക് തുടർന്ന് ബെനഫിറ്റ് തുക അടയ്ക്കാതെ തന്നെ ഇൻഷുറൻസ് കവറേജ് നൽകുന്നതിനും കോർപ്പസ് ഫണ്ട് ഉപയോഗിക്കുന്നു. ട്രസ്റ്റ് നിയമാവലിക്കനുസൃതമായി രൂപീകരിക്കുന്ന നടത്തിപ്പു സംവിധാനങ്ങളിലൂടെയാണ് ഇതിന്റെ അഡ്മിഷനും പ്രീമിയം ശേഖരണവും വിതരണവും കണക്കുകൾ സൂക്ഷിക്കുന്നതുമൊക്ക നടക്കുന്നത്. കൈകാര്യം ചെയ്യുന്ന ഓരോ രൂപയുടെയും കണക്കുകൾ സുതാര്യമായി സൂക്ഷിക്കുന്നതിനുള്ള നിഷ്കർഷയോടെയുള്ള നിർദ്ദേ

ശങ്ങൾ ഉൾക്കൊള്ളുന്നതാണ് ഇതിന്റെ നിയമാവലി. വിവിധ പ്രൊഫഷണൽ സംഘടനകൾ അംഗങ്ങൾക്കുവേണ്ടി നടത്തുന്ന ഇൻഷുറൻസ് സ്കീമുകളിൽ ഏറ്റവും ലളിതവും വിജയകരവുമായ മാതൃകയാണ് 'ആശ്വാസ് പ്ലസിന്' വേണ്ടി സ്വീകരിച്ചിട്ടുള്ളത്.

നിർബന്ധിത പോളിസി അല്ല ആശ്വാസ് പ്ലസ്. ഇതിന്റെ ഗുണവശങ്ങൾ മനസ്സിലാക്കി പരമാവധി അംഗങ്ങൾ ഇതിന്റെ ഭാഗമാകും എന്നുതന്നെയാണ് പ്രതിക്ഷീക്കുന്നത്. ചുരുങ്ങിയത് 5 ലക്ഷം രൂപയെങ്കിലും ഓരോ ക്ലെയിമുകൾക്കും നൽകുന്നതരത്തിൽ പരമാവധി അംഗങ്ങളെ ചേർക്കുക എന്നാണ് സംഘടന ലക്ഷ്യമിടുന്നത്. ക്ലെയിമുകളുടെ എണ്ണം നിയന്ത്രിക്കാനായി മറ്റേത് ഇൻഷുറൻസ് പദ്ധതിയിലും ഉള്ളതുപോലെ ആദ്യമായി ചേരുന്നവർക്ക് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ചെറുപ്പത്തിൽ ത്തന്നെ ചേരുന്നവർക്ക് 25 വർഷം കഴിയുമ്പോൾ വാർഷിക മെയിന്റനൻസ് ഫീസ് മാത്രം നൽകി എ.എം.എ.ഐയിൽ എത്രനാൾ അംഗമായിരിക്കുമോ അത്രയും വർഷം ഇൻഷുറൻസ് കവറേജ് ലഭ്യമായിരിക്കുകയും ചെയ്യും. ഉദാഹരണത്തിന് 30 വയസ്സിൽ സ്കീമിൽ ചേരുന്നവർ 55 വയസ്സുകഴിഞ്ഞാൽ ബെനഫിറ്റ് തുക അടയ്ക്കേണ്ടതില്ല. വാർഷിക മെയിന്റനൻസ് ഫീസ് മാത്രം നൽകിയാൽ മതി. വർഷംതോറും കൂടുതൽ അംഗങ്ങൾ പുതുതായി ചേരുമെന്നതിനാൽ സഹായനിധിയും കാലാനുസൃതമായി വർദ്ധിച്ചുകൊണ്ടിരിക്കും. ഇത്തരത്തിൽ ആകർഷകമായ ഈ പദ്ധതി മറ്റേതൊരു ഇൻഷുറൻസ് പോളിസി ഉള്ളവർക്കും ചേരാവുന്നതും തുച്ഛമായ പ്രീമിയത്തിൽ വലിയ കവറേജ് ലഭ്യമാക്കുന്നതുമാണ്. നിർഭാഗ്യവശാൽ പോളിസി ഉടമയ്ക്ക് മരണം സംഭവിച്ചാൽ ഒരാഴ്ചയ്ക്കുള്ളിൽ ക്ലെയിം തുക വീട്ടിലെത്തിക്കേണ്ടതിന്റെ ഉത്തരവാദിത്തം സംഘടനയ്ക്കാണ്. ക്ലയിം ലഭിക്കാൻ യാതൊരു നൂലാമാലകളും തരണം ചെയ്യേണ്ടതുമില്ല. മറ്റുപോളിസികൾ ഉള്ളവർക്കും ചേരാവുന്ന ഈ പദ്ധതി പരസ്പരസഹായത്താൽ അധിഷ്ഠിതമായുള്ളതാണ്.

ആയുർവേദ ഡോക്ടർമാരുടെ സാമൂഹിക ഉന്നമനം ലക്ഷ്യമാക്കി നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ഈ കുടുംബസുരക്ഷാപദ്ധതി ഏറ്റെടുത്ത് ഒരു വലിയ വിജയമാക്കാൻ സംഘടനയിലെ മുഴുവൻ അംഗങ്ങളോടും വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.